(ബി) പുതിയ ഏതൊക്കെ റോഡുകളാണ് ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നത് എന്നു വിശദമാക്കാമോ;

(സി) വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ എത്ര കിലോ മീറ്റർ വില്ലേജ് റോഡാണ് 2004-05-ൽ പി.ഡബ്ല്യു.ഡി. ഏറ്റെടുത്തിട്ടുള്ളതെന്നും അവ ഏതൊക്കെയാണെന്നും വെളിപ്പെടുത്താമോ;

(ഡി) ഇവയുടെ പുനരുദ്ധാരണ പ്രവർത്തികൾക്ക് ഈ സാമ്പത്തിക വർഷം തുക വകയിരുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കെ. എസ്. ടി. പി. തൃശ്ശൂർ ജില്ലയിൽ അഞ്ച് റോഡുകളുടെ നിർമ്മാണം നടത്തുന്നുണ്ട്. ഹെവിമെയിന്റനൻസിൽ ഉൾപ്പെടുത്തിയിട്ടുള്ള തൃശ്ശൂർ-കൊടുങ്ങല്ലൂർ, പോട്ട-മൂന്നുപീടിക ചേർപ്പ്-തൃപ്രയാർ എന്നീ റോഡുകളുടെ പണി പൂർത്തിയായി. അപ്ഗ്രഡേഷനിൽപ്പെടുത്തി തൃശ്ശൂർ-കുറ്റിപ്പുറം റോഡിന്റെ പണി നടന്നുവരുന്നു.

(ബി) പുതിയ റോഡുകൾ ഏറ്റെടുക്കുന്നതിന് ഇപ്പോൾ പദ്ധതിയില്ല.

(സി) വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ 2004-05 വർഷത്തിൽ താഴെ പറയുന്ന റോഡുകൾ മരാമത്ത് വകുപ്പ് ഏറ്റെടുത്തിട്ടുണ്ട്.

1. വേലൂർ-പോസ്റ്റ് ഓഫീസ്-എരുമപ്പെട്ടി റോഡ്—5 കി.മീ.
2. പത്താംകല്ല്-മംഗലം-കല്ലംപാറ-തച്ചൻകുഴി—4 കി.മീ.

(ഡി) ഇല്ല.

പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്ന പന്തളം നിയോജകമണ്ഡലത്തിലെ റോഡുകൾ

147 [2218] ശ്രീ. കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പന്തളം നിയോജകമണ്ഡലത്തിലെ ഭരണിക്കാവ്മുക്ക്-കോമല്ലൂർ-തെരുവുമുക്ക്-പടനിലം-പാലമേൽ-കുടശ്ശനാട്-ആദിക്കാട്ട്കുളങ്ങര റോഡ്, കീരുകുഴി-ചന്ദനപ്പള്ളി റോഡ് എന്നിവ പി.ഡബ്ല്യു.ഡി. ഏറ്റെടുക്കുന്നതിന് സ്വീകരിച്ച നടപടികളെക്കുറിച്ച് വ്യക്തമാക്കാമോ;

(ബി) ഈ റോഡുകൾ പി. ഡബ്ല്യു. ഡി. ഏറ്റെടുത്ത് പുനരുദ്ധാരണ നടപടികൾ എന്ന് ആരംഭിക്കുമെന്ന് പറയാമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) കൂടുതൽ റോഡുകൾ പി.ഡബ്ല്യു.ഡി. ഏറ്റെടുക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ ആന്റ് ബി) കീരുകുഴി-ചന്ദനപ്പള്ളി റോഡ് ഏറ്റെടുക്കുന്നതിന് ഉത്തരവായിട്ടുണ്ട്. മറ്റു നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് ഇതിന്റെ പുനരുദ്ധാരണ നടപടികൾ ആരംഭിക്കുന്നതാണ്.

(സി) റോഡുകളുടെ യോഗ്യതയനുസരിച്ച് കൂടുതൽ റോഡുകൾ ക്രമേണ ഏറ്റെടുക്കുന്നതാണ്.

കോഴിക്കോട് നാഷണൽ ഹൈവേയുടെ ബൈപാസ് റോഡ്

148 [2219] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നാഷണൽ ഹൈവേയുടെ ബൈപാസ് റോഡിന് എത്ര ദൈർഘ്യം ഉണ്ടാകുമെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(ബി) ഇതിൽ എത്ര കി. മീറ്റർ ദൂരം റോഡിന്റെ പണി പൂർത്തിയായിട്ടുണ്ട്;

(സി) എത്ര കി. മീറ്റർ ദൂരത്തിന്റെ പണി നിലവിൽ നടന്നുകൊണ്ടിരിക്കുന്നു;

(ഡി) എത്ര കി. മീറ്റർ ദൂരത്തിന്റെ പ്രവർത്തികൾക്കാണ് കേന്ദ്ര ഗവൺമെന്റിന്റെ അനുവാദം ആവശ്യമായിട്ടുള്ളത് എന്ന് വെളിപ്പെടുത്താമോ;

(ഇ) വെങ്ങളം മുതൽ കാരപ്പറമ്പ് വരെയുള്ള റീച്ചിന്റെ പണിക്ക് കേന്ദ്ര സർക്കാരിന്റെ അനുവാദത്തിനായി സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) കോഴിക്കോട് എൻ. എച്ച്. ബൈപാസ് റോഡിന് 28/240 കി.മീ. ദൈർഘ്യമുണ്ട്.

(ബി) 7.25 കി.മീറ്റർ റോഡിന്റെ പണി പൂർത്തിയായിട്ടുണ്ട്.

(സി) 6.37 കി. മീറ്റർ റോഡിന്റെ പണി നടന്നുകൊണ്ടിരിക്കുന്നു.

(ഡി ആന്റ് ഇ) 14.50 കി. മീറ്റർ റോഡിന്റെ പ്രവർത്തികൾക്ക് കേന്ദ്ര ഗവൺമെന്റിന്റെ അനുവാദം ആവശ്യമാണ്. ഇപ്പോൾ കേന്ദ്ര ഗവൺമെന്റിന്റെ പരിഗണനയിലുള്ള 4 വരി പാത പദ്ധതിയിൽ ഈ ഭാഗം കൂടി ഉൾപ്പെടുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly